**കേരള സർക്കാർ**

**സംഗ്രഹം**

പെൻഷൻ - ശ്രീമതി. സലോമി ജോർജിന്റെ പെൻഷൻ കുടിശ്ശിക അനുവദിച്ച്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**സ.ഉ(സാധാ)നം.1330/2018/ധന** **തിരുവനന്തപുരം, തീയതി: 21.02.2018**

---

പരാമർശം :- (1) ശ്രീമതി. സലോമി ജോർജിന്റെ 10.11.2017-ലെ അപേക്ഷ.
(2) പി.പി.ഒ. നമ്പർ 111472110
(3) അക്കൗണ്ടന്റ് ജനറലിന്റെ 03.03.2016-ലെ PR2101417613/P 7/4/1014220588 നമ്പർ വെരിഫിക്കേഷൻ റിപ്പോർട്ട്

**ഉത്തരവ്**

30.04.2010-ൽ ഡപ്യൂട്ടി ഡയറക്ടർ ഓഫ് നേഴ്സിംഗ് എഡ്യൂക്കേഷൻ ആയി വിരമിക്കുകയും 03.05.2010 മുതൽ കരാറടിസ്ഥാനത്തിലും 01.03.2011 13.10.2016 വരെ പുനർ നിയമനപ്രകാരം സേവനത്തിൽ തുടരുകയും ചെയ്തിരുന്ന തനിയ്ക്ക് 01.05.2010 മുതൽ 26.06.2017 വരെയുള്ള പെൻഷൻ അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ശ്രീമതി. സലോമി ജോർജ്ജ് ആവശ്യപ്പെട്ടിരുന്നു. പരാമർശം (3) പ്രകാരം അക്കൗണ്ടന്റ് ജനറൽ ശ്രീമതി. സലോമി ജോർജിന് പെൻഷൻ അനുവദിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. സലോമി ജോർജ്ജ് 03.05.2010 മുതൽ കരാറടിസ്ഥാനത്തിലും 01.03.2011 മുതൽ പുനർനിയമന വ്യവസ്ഥയിലും SIEMT-ൽ ജോലി ചെയ്തു വരികയായിരുന്നു. കെ.എസ്.ആർ. ഭാഗം III ചട്ടം 100 പ്രകാരം പുനർനിയമന വേതനം എന്നത് അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ തുക കുറച്ചതാണ്. ഇതിൽനിന്നും പുനർനിയമന വേതനം വാങ്ങിയിരുന്നു എന്നത് പ്രസ്തുത കാലയളവിലെ പെൻഷൻ കൈപ്പറ്റുന്നതിന് തടസ്സമാകില്ലായെന്നതിനാൽ 01.05.2010 മുതൽ 26.06.2017 വരെയുള്ള പെൻഷൻ കുടിശ്ശിക ശ്രീമതി. സലോമി ജോർജിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത പെൻഷൻ കുടിശ്ശിക നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-101-99" പെൻഷൻ (വോട്ട് ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള,തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ് .എസ് .എ) കേരള,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ.ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
5. ശ്രീമതി. സലോമി ജോർജ്ജ്, ELIM ഹോം, പാങ്ങപ്പാറ, തിരുവനന്തപുരം -695581
6. The Nodal Officer,www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ.നം. 654686)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ